# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5510 25.10.2011 ൽ മറുപടിക്ക്**

**റോഡുകൾ അന്തർദേശീയ നിലവാരത്തിലാക്കുന്നതിന് നടപടി**

**ചോദ്യം**

**ശ്രീ. പി.റ്റി.എ. റഹീം**

(എ) അന്തർദേശീയ നിലവാരത്തിലാക്കുന്ന റോഡുകൾ നിശ്ചയിക്കുന്നത് ആരാണ് ;

(ബി) വിൽബർ സ്മിത്ത് എന്ന സ്ഥാപനത്തെ ഇത്തരം റോഡുകൾ കണ്ടെത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(സി) റോഡുകൾ അന്തർദേശീയ നിലവാരത്തിലാക്കുന്നത് സംബന്ധിച്ച് കേരള റോഡ് ഫണ്ട് ബോർഡിന് എന്തെങ്കിലും നിർദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ റോഡുകൾ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഇ) എം.എൽ.എ മാർ നിർദ്ദേശിക്കുന്ന റോഡുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

**ഉത്തരം**

**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**

**(മരാമത്ത്വകുപ്പു മന്ത്രി)**

(എ) & (ബി) അന്തർദേശീയ നിലവാരത്തിലാക്കുന്ന റോഡുകൾ തിരഞ്ഞെടുക്കു ന്നതിനുള്ള പഠനത്തിനായി കേന്ദ്ര റോഡു ഗതാഗത ഹൈവ്വേ മന്ത്രാലയത്തിന്റെ പാനലിൽ ഉൾപ്പെട്ട ബാംഗ്ലൂർ ആസ്ഥാനമായിട്ടുള്ള വിൽബർ സ്മിത്ത് അസോസിയേറ്റ്സ് എന്ന കൺസൾട്ടന്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്

(സി) റോഡുകൾ അന്തർ ദേശീയ നിലവാരത്തിലാക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് നിഷ്ക്കർഷിച്ചിട്ടുണ്ട്. സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഈ മാനദണ്ഡങ്ങൾക്കനു-സരിച്ചാവുംറോഡുകൾ നിർമ്മിക്കുന്നത്.

(ഡി) & (ഇ) റോഡുകളിൽ കൂടി പോകുന്ന ഗതാഗതത്തിന്റെ അളവ്, ദേശീയപാത മുതലായ പ്രധാനപാതയിലേക്കുള്ള കണക്റ്റിവിറ്റി, പിന്നോക്ക പ്രദേശങ്ങൾ, വിനോദ സഞ്ചാര വ്യവസായ മേഖല കളിലേക്കുള്ള ലിങ്കേജുകൾ മുതലായ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് റോഡുകൾ തിരഞ്ഞെടുക്കുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ച് റോഡുകളുടെ വിശദമായ പഠനത്തിനു ശേഷം അന്തിമ പട്ടിക തയ്യാറാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ